# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 6289**

**11.07.2012-ൽ മറുപടിക്ക്**

### മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന് സറണ്ടർ

| ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർവ്വീസിൽ നിന്നും വിരമിച്ച ശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുന്നവർക്ക് ഓരോ വർഷവും എത്ര ആർജ്ജിത അവധിയാണ് ലഭിക്കുന്നത്; ഇത് എപ്രകാരമാണ് കണക്കാക്കുന്നത്; ഇവർക്ക് അർഹമായ മറ്റു അവധികൾ ഏതെല്ലാം; വിശദമാക്കുമോ; | (എ) സർവീസിൽ നിന്നും വിരമിച്ച ശേഷം പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുന്നവർക്ക് 1/11 എന്ന നിരക്കിൽ ഒരു വർഷത്തിൽ പരമാവധി 33 ആർജ്ജിത അവധിയും ഒരു വർഷത്തെ സേവന കാലയളവിന് 20 എന്ന തോതിൽ അർദ്ധ ശമ്പളത്തോടു കൂടിയ അവധിയും ലഭിക്കും. എന്നാൽ ഇവർക്ക് അർഹമായ മറ്റ് അവധികൾ സംബന്ധിച്ച് അവ്യക്തത നിലനില്ക്കുന്നുണ്ട്. |
| (ബി) ഇവരുടെ ആർജിത അവധികൾ എല്ലാ വർഷവും സറണ്ടർ ചെയ്തു നൽകുന്നുണ്ടോ; എങ്കിൽ എത്ര അവധികളാണ് അപ്രകാരം അനുവദിക്കുന്നത്; | (ബി) ഉണ്ട്. ടിയാന്മാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ക്രഡിറ്റിൽ ലീവ് ശേഷിക്കുന്നുണ്ടെങ്കിൽ ഓരോ വർഷവും 30 ആർജിത അവധികൾ സറണ്ടർ ചെയ്യാൻ ഇവർക്ക് അനുമതി നൽകുന്നുണ്ട്. |
| (സി) ഇപ്രകാരം ആർജിത അവധി സറണ്ടർ ചെയ്യാത്തവർക്ക് പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ച ശേഷം അവ സറണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിലുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള അനോമലി പരിഹരിച്ച് നിയമ തടസ്സം ഒഴിവാക്കി ടെർമിനൽ സറണ്ടറിനുള്ള അനുമതി നൽകുമോ;<br>(ഇ) ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾ നിയമാനുസൃതമാണോ; വ്യക്തമാക്കുമോ; | (സി) (ഡി) & (ഇ) പേഴ്സണൽ സ്റ്റാഫിൽ പുനർ നിയമനം ലഭിച്ചവർക്ക് അർഹമായ അവധി സംബന്ധിച്ചും ലീവ് സറണ്ടർ സംബന്ധിച്ചും ചില കാര്യങ്ങളിൽ അവ്യക്തത നിലനില്ക്കുന്നു. ആയതിന് സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്. മേൽ വിഷയം സർക്കാരിന്റെ സജീവ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ